# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4338** — **17/05/2017-ൽ മറുപടിക്ക്**

## മഴക്കാല രോഗങ്ങൾ തടയാൻ നടപടി

**ചോദ്യം**

**ശ്രീ.പുരുഷൻ കടലുണ്ടി**

എ) മഴക്കാല രോഗങ്ങൾ തടയാൻ സർക്കാർ ആശുപത്രികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. മഴക്കാലം വരുന്നതിനു മുൻപേ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും, ശുചിത്വ മിഷനേയും, ഇതര വകുപ്പുകളെയും ഒത്തൊരുമിപ്പിച്ച് മഴക്കാല പൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവൽക്കരണ ക്യാമ്പെയിനുകളും നടപ്പിലാക്കി വരുന്നു. രോഗനിരീക്ഷണം, കൊതുക നിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതുവഴി പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേ തന്നെ കണ്ടുപിടിക്കാനും നിയന്ത്രിക്കാനും സാധിക്കുന്നു. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും മരുന്നിന്റെയും രോഗ നിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടെയും ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്.

രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക്ക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും രോഗപ്പകർച്ച തടയുന്നതിനുള്ള കൊതുക നശീകരണ പ്രവർത്തനങ്ങളും ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക

(ഐ.എസ്.എസ്) വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്) ജലശുദ്ധി ഉറപ്പുവരുത്തുവാനായി ക്ലോറിനേഷൻ ഉൾപ്പെടെയുള്ള മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങൾ വയറിളക്ക രോഗത്തിന്റെ പാനീയ ചികിത്സയ്ക്ക് ആവശ്യമായ ഒ.ആർ.എസ്. ന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ വൃത്തിയാക്കുന്നവർക്കും കൃഷിപ്പണി ചെയ്യുന്നവർക്കും ഡോക്സിവൈക്ലിൻ പ്രതിരോധ ഗുളികകളും നൽകുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ടും ജില്ലാതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

**ബി)** കോഴിക്കോട് ജില്ലയിൽ ചില ഭാഗങ്ങളിൽ ഡെങ്കിപനി വ്യാപകമാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ബി)** കോഴിക്കോട് ജില്ലയിൽ രാമനാട്ട്കര, കാക്കൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെയും പരിധിയിൽ ഡെങ്കിപ്പനി കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലായി കണ്ടെത്തിയിട്ടുണ്ട്.

**സി)** ബാലുശ്ശേരി മണ്ഡലത്തിൽ എത്ര കേസ്സുകൾ ഇത് വരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; എന്തൊക്കെ പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും അറിയിക്കാമോ ?

**സി)** ബാലുശ്ശേരി മണ്ഡലത്തിൽ 56 പനി കേസ്സുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 5 കേസുകൾ ഡെങ്കിപ്പനി ആണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ഉറവിട നശീകരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ്, ഹെൽത്ത് എഡ്യൂക്കേഷൻ തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**